# പുതിയ കാവ്യസംസ്കാരം തേടി

കെ.ജി. പൗലോസ്

കാലടി ശങ്കരാചാര്യസർവ്വകലാശാലയിൽ രജിസ്ട്രാറായിരിക്കുമ്പോൾ, 1997ലോ 98 ലോ ആണ് ഞാൻ കൈരളി ശ്ലോകരംഗവുമായി ബന്ധപ്പെട്ട് ആദ്യമായി ഇടനാടെത്തുന്നത്. ശ്രീ വിശ്വനാഥൻനായരുടെ നേതൃത്വത്തിൽ അവിടെ നടക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി നേരത്തെതന്നെ ഞാൻ കേട്ടിരുന്നു. കാലടിയിൽനിന്ന് ഉൾവഴികളിലൂടെയുള്ള ദീർഘയാത്രയിൽ ദൂരം ഉള്ളതിലുമധികം തോന്നിയിരുന്നു. എങ്കിലും അവിടെയെത്തി കുലീനമായ അന്തരീക്ഷത്തിലലിഞ്ഞപ്പോൾ, ക്ഷീണം മാറി ഹൃദ്യമായ ഒരനുഭവമായി മാറി ആദ്യസന്ദർശനം. തികഞ്ഞ ഗ്രാമീണമായ അന്തരീക്ഷത്തിന്റെ ശാലീനതയിൽ ഒരു കുടുംബം വലിയൊരു സാംസ്കാരികപ്രവർത്തനത്തിന്റെ കേന്ദ്രമാകുക. ഗൃഹനാഥനും പത്നിയും കുട്ടികളും ബന്ധുക്കളും നാട്ടുകാരുമൊക്കെ അതിൽ പങ്കാളികളാകുക; അപൂർവ്വമായ ഒരനുഭവമായിരുന്നു അത്. ഔപചാരികതകളുടെ പകിട്ടുകളില്ലാതെ എല്ലാവരും ഹൃദയംതുറക്കുന്ന അത്തരം സഹൃദയസംഗമങ്ങൾ നമ്മുടെ നാട്ടിൽ പതിവില്ലാത്തതാണ്. അന്നുമുതൽ ആ കുടുംബത്തോടുള്ള ബന്ധം ഇഴയഴിയാതെ കാത്തുസൂക്ഷിക്കാൻ കഴിയുന്നത് വലിയൊരു ഭാഗ്യമായി ഞാൻ കരുതുന്നു.

തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ 1962-ൽ ഞാൻ വിദ്യാർത്ഥിയായി ചേരുമ്പോൾ കാവ്യാത്മകമായൊരന്തരീക്ഷത്തിന്റെ അനുരണനങ്ങൾ അവിടെ അവശേഷിച്ചിരുന്നു. എൻ.വി. കൃഷ്ണവാരിയർ, പി.സി. വാസുദേവൻ ഇളയത്, എൻ.ഡി. കൃഷ്ണനുണ്ണിമാസ്റ്റർ എന്നിവർ നടന്നുപോയ വഴികളിലെ പാദമുദ്രകൾ അവരവിടെ അവശേഷിപ്പിച്ചിരുന്നു. ഇവരെല്ലാവരെയും സാഹിത്യനിപുണമുദ്രനൽകി കലാലയം ആദരിച്ചു. താരതമ്യേന വൈകി 1967-ലാണ് കൃഷ്ണനുണ്ണിമാസ്റ്റർക്ക് ബിരുദം നൽകിയത്. അന്നദ്ദേഹം തൃശ്ശൂർക്ക് മാറിയിരുന്നെങ്കിലും ഇടയ്ക്കൊക്കെ തൃപ്പൂണിത്തുറയിൽ വരുമായിരുന്നു; അക്ഷരശ്ലോകവുമായി ബന്ധപ്പെട്ടുതന്നെയായിരുന്നു സന്ദർശനങ്ങൾ.

'കക്ഷത്തിൽ സഞ്ചി, കയ്യിൽ കുട, ചുമലിലുദാ-
സീനമായിട്ട പാവിൻ
പക്ഷദ്വന്ദ്വം, പദങ്ങൾക്കിരുപെരിയ പരു-
ക്കൻ ചെരിപ്പാ നടപ്പും
അക്ഷിക്കക്ഷീണമീക്ഷയ്ക്കധികമുതകിടും
കണ്ണടച്ചില്ലു, വായിൽ
നിക്ഷേപിച്ചുള്ള താംബുലവു, മിതുമുഴുവൻ
കൃഷ്ണനുണ്ണിയ്ക്കിണങ്ങും.'

എന്ന ആ രൂപം ഞങ്ങൾക്കന്നു പരിചിതമായിരുന്നു. നിത്യനീലാംബരം മാത്രമേ വർണ്ണനയിൽ കവി വിട്ടിട്ടുള്ളൂ. വിദ്യാർത്ഥികളായ ഞങ്ങളെ ആകർഷിച്ച പ്രധാനപ്പെട്ട കാര്യം ദ്രാവിഡവൃത്തങ്ങളിൽ അദ്ദേഹം സംസ്കൃതത്തിൽ കവിതയെഴുതുമായിരുന്നു എന്നതാണ്. അതൊരു പുതുമയാണല്ലോ. അതുപോലെതന്നെയായിരുന്നു ഞങ്ങൾക്ക് ഹൃദിസ്ഥമായിരുന്ന മലയാള കവിതകൾക്ക് ഉണ്ണിമാഷ്ടെ സംസ്കൃത വിവർത്തനങ്ങളും.

‘തസ്കരോ നൈവാഹം, ദുശ്ചരോ നൈവാഹം
മുഷ്കരോ നൈവാഹം മുഗ്ദ്ധശീലേ’

എന്നു തുടങ്ങുന്ന വള്ളത്തോളിന്റെ ‘ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി’ യുടെ പരിഭാഷ കുറച്ചൊന്നുമല്ല ഞങ്ങളുടെ കൗമാരകൗതുകങ്ങളെ ഉണർത്തിയിട്ടുള്ളത്. ഈയൊരന്തരീക്ഷത്തിൽ അക്ഷരശ്ലോകത്തിന്റെ പാരമ്പര്യം, ദുർബ്ബലമായിട്ടാണെങ്കിലും, ഞങ്ങളുടെ കലാലയദിനങ്ങളെ നിറം പിടിപ്പിച്ചിരുന്നു. അതിലുമധികം ഞങ്ങളെ സ്വാധീനിച്ചത് കൃഷ്ണനുണ്ണിമാസ്റ്ററേപ്പോലുള്ളവർ ഞങ്ങളുടെ പൂർവ്വഗാമികളാണെന്ന അഭിമാനമായിരുന്നു!

ഭാഗ്യവശാൽ, പിന്നീട് ആ കോളേജിൽ പ്രിൻസിപ്പലായി വന്നപ്പോൾ അക്ഷരശ്ലോകത്തെ പ്രോത്സാഹിപ്പിക്കുന്ന ചില നടപടികൾ തുടങ്ങിവെയ്ക്കാൻ എനിക്ക് അവസരം ലഭിച്ചു. അങ്ങനെയാണ് അദ്ധ്യാപകർ തന്നെ പങ്കെടുക്കുന്ന അക്ഷരശ്ലോകസദസ്സ് ശാസ്ത്രസദസ്സിന്റെ ഭാഗമായത്. നാരായണീയം, കാളിദാസകവിതകൾ എന്നിങ്ങനെ വിഷയവിഭാഗം ചെയ്തായിരുന്നു ആ സദസ്സുകൾ നടന്നത്. അഖിലകേരളാടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് വേണ്ടി ആരംഭിച്ച കാവ്യാലാപനത്തിലും അക്ഷരശ്ലോകത്തിലുമുള്ള മത്സരങ്ങൾ ഏറെ ആകർഷകങ്ങളായി. അത്തരം മത്സരങ്ങൾ അപൂർവ്വങ്ങളായിരുന്നു അക്കാലത്ത്. പലവർഷങ്ങളിലും ഈ സദസ്സുകളെ സമ്പുഷ്ടമാക്കിയതും പുരസ്കാരങ്ങൾ നേടിയതും ‘കൈരളിക്കുട്ടി’കളായിരുന്നു. പൂർണ്ണിമ, അന്നപൂർണ്ണ, ഹരിശങ്കർ തുടങ്ങിയവരുടെ പങ്കാളിത്തം സദസ്സുകളെ സജീവമാക്കിയിരുന്നു. പൂർണ്ണിമ തുടർന്നു സംസ്കൃത കോളേജിൽ ചേരുകയും പഠിച്ച് വിജയിച്ച് പിന്നീട് അവിടെത്തന്നെ അദ്ധ്യാപികയാകുകയും ചെയ്തു. അടുത്തയിട തൃപ്പൂണിത്തുറയിൽ കാളിദാസകവിതകൾ ശബ്ദലേഖനം ചെയ്യാനൊരു പദ്ധതി ആരംഭിച്ചു. മലയാളിയുടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാവ്യാലാപനശൈലി വീണ്ടെടുക്കാനുള്ള ആഗ്രഹമായിരുന്നു അതിനുപിന്നിൽ. കാളിദാസമാധുരി എന്നൊരു സഹൃദയക്കൂട്ടായ്മയാണ് അതു ചെയ്തുകൊണ്ടിരിക്കുന്നത്. മേഘസന്ദേശവും കുമാരസംഭവവും സമ്പൂർണ്ണമായി സി.ഡി.കളിലാക്കി. അവയിപ്പോൾ ആകാശവാണി കൊച്ചി എഫ്.എം. നിലയം സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നു. ജ്യോത്സ്ന, വിനിത, ശ്രീജ, സരിത മഹേശ്വരൻ എന്നിവർക്കൊപ്പം അതിന് നേതൃത്വം നൽകുന്നത് അക്ഷരശ്ലോകക്കളരിയിൽ പഠിച്ചുയർന്ന പൂർണ്ണിമയും ആര്യാംബികയുമാണ്. കൈരളിക്കുടുംബവുമായി ഏറെക്കാലം മുൻപ് ആരംഭിച്ച ഹൃദയബന്ധം ആഹ്ളാദകരമായ രീതിയിൽ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു എന്ന് അനുസ്മരിക്കാനാണ് ഇക്കാര്യങ്ങളിത്രയും വിശദീകരിച്ചത്.

ശ്രീ വിശ്വനാഥൻനായരുടെ സംഭാവനകളെ രണ്ടുതരത്തിൽ നമുക്ക് രേഖപ്പെടുത്താമെന്ന് തോന്നുന്നു. ഒന്ന്, മലയാളിയുടെ കാവ്യാലാപന സംസ്കാരത്തിന് അദ്ദേഹമുണ്ടാക്കിയ ഉണർവ്വ്; രണ്ട്, ഈ രംഗത്ത് അദ്ദേഹം നടപ്പാക്കിയ ചിട്ടപ്പെടുത്തൽ. സംസ്കൃതവൃത്തത്തിലുള്ള കവിതകൾ ഭംഗിയായി ചൊല്ലുന്നശീലം മണിപ്രവാളകാലം മുതൽ തന്നെ മലയാളിക്കുണ്ടായിരുന്നു. അന്നത്തെ സഹൃദയസദസ്സുകൾ അധികവും പണ്ഡിതന്മാരുടെ സല്ലാപകേന്ദ്രങ്ങളായിരുന്നു. ശ്ലോകം ഓർമ്മിച്ചുവെച്ചു അക്ഷരത്തിനൊത്ത് ചൊല്ലുന്നതുപോലെ സ്വയം ഉണ്ടാക്കിയും അവർ ചൊല്ലിയിരുന്നു. കൊടുങ്ങല്ലൂർ കളരിയിലൊക്കെ അത്തരം ദ്രുതകവനങ്ങൾ കവികൾക്കൊരു ഹരമായിരുന്നു. ഈ ആലാപനരീതിയെ സമൂഹത്തിന്റെ കൂടുതൽ മേഖലകളിലേയ്ക്ക് വികസിപ്പിക്കുക എന്നത് ശ്രമകരമായ പ്രവൃത്തിയാണ്. ഇക്കാര്യത്തിൽ ശ്രീ വിശ്വനാഥൻനായർ ലക്ഷ്യമിട്ടത് വിദ്യാർത്ഥികളെ

യാണ്. അക്ഷരശ്ലോകസദസ്സുകളെ അലങ്കരിക്കുന്നതധികവും മുല്ലപ്പൂവിന്റെ വെണ്മയാർന്ന ശിരസ്സുകളാണ്. അതിനൊരു മാറ്റമുണ്ടായി. യുവജനങ്ങൾ ധാരാളം ഈ രംഗത്തേയ്ക്ക് കടന്നുവന്നു. യുവജനോത്സവങ്ങൾ പോലുള്ള വേദികൾ ഈ മാറ്റത്തെ സഹായിച്ചു.

സംസ്കൃതവൃത്തത്തിലുള്ള ശ്ലോകങ്ങൾ മാത്രം ചൊല്ലുന്ന അക്ഷരശ്ലോകത്തോടൊപ്പം ദ്രാവിഡവൃത്തത്തിലുള്ള കാവ്യകേളികളെയും തന്റെ കളരിയിൽ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. കൂടുതൽ മലയാളിത്തം ഉള്ളവയാണ് ഈ കിളിമൊഴികൾ. ചൊല്ലുന്നവരുടെയും കേൾക്കുന്നവരുടെയും ആസ്വാദനശീലത്തെ സമ്പുഷ്ടമാക്കുവാൻ കാവ്യകേളികൾ സഹായിച്ചു.

രണ്ടാമത്തെ കാര്യം ചിട്ടപ്പെടുത്തലാണ്. അക്ഷരശ്ലോകസമിതികൾ അനേകമുണ്ട് കേരളത്തിൽ. സഹൃദയർ സ്വയം മുന്നോട്ടുവന്നു വളർത്തിയെടുക്കുന്നതാണ് അവിടങ്ങളിലെ ആലാപനരീതി. മുതിർന്നവരുടെ ഉപദേശങ്ങളുണ്ടാകും. എങ്കിലും അധികവും കേട്ടുകേട്ടുണ്ടാകുന്ന ശീലങ്ങളാണ്. ഇവിടെ ഓരോരുത്തരും അവരവരുടെ ഇച്ഛയ്ക്കൊത്ത് ഊന്നുന്നത് ഓരോന്നിലായിരിക്കും. കുസൃതികളിലാകും ചിലർക്ക് കൗതുകം, അടുത്തിരിക്കുന്നവനെ മുട്ടിക്കുന്നതിലായിരിക്കും മറ്റുചിലർക്ക് രസം. അശ്ലീലച്ചുവയുള്ള ശ്ലോകങ്ങൾ തെരഞ്ഞെടുത്തവതരിപ്പിക്കുന്നവരുണ്ട്. ഇവയൊക്കെ പ്രത്യക്ഷത്തിൽ കേൾവിക്കാർക്ക് രസിക്കുമെങ്കിലും ഒരു കലാരൂപമെന്ന നിലയിൽ അക്ഷരശ്ലോകത്തെ വളർത്തിയെടുക്കുമ്പോൾ ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. സദസ്സിന് ഉദ്വേഗമുണ്ടാക്കുന്നതൊന്നും വയ്യ എന്നതാണ് ആദ്യത്തെ നിയമം; ആഹ്ളാദിപ്പിക്കുന്നവ ഒട്ടേറെ വേണംതാനും. അക്ഷരശുദ്ധി, വിസന്ധികളും കുസന്ധികളുമില്ലാത്ത പദച്ഛേദം, അർത്ഥവ്യക്തി ഇവയൊക്കെയാണ് പ്രാഥമിക കാര്യങ്ങൾ. ഭാഷയിൽ നല്ല ഗ്രഹിതമുള്ളവർക്കേ ഇതൊക്കെ കൈവരിക്കാൻ കഴിയൂ. ഇവയുടെയൊക്കെ ലക്ഷ്യമാകട്ടെ ഭാവവ്യക്തിയും. ഭാവമാണ് മുഖ്യമെന്ന് വന്നാൽ മറ്റു കുസൃതികളൊക്കെ താനേ മാറിക്കൊള്ളും. ഇത്തരമൊരു ചിട്ടപ്പെടുത്തൽ ഓരോ ശ്ലോകത്തിന്റെ ആലാപനത്തിനും ആവശ്യമാണ്. ഇതിനാണ് ആചാര്യന്റെ ആവശ്യം. കളരികളുടെ പ്രസക്തിയുമിതാണ്. അർത്ഥം ഗ്രഹിച്ച്, പദഘടനയിൽ മനസ്സിരുത്തി ഭാവോദ്ദീപകമായ രീതിയിൽ ചൊല്ലുമ്പോഴാണ് ശ്ലോകത്തിന്റെ ശക്തിയും സൗന്ദര്യവും ശ്രോതാവിൽ പതിയുക. അഭ്യാസത്തിന്റെ മാത്രമല്ല, അനുശീലനത്തിന്റെയും പ്രശ്നമാണിത്. ആസ്വാദകരെ മാത്രമല്ല, കവികളെയും സൃഷ്ടിക്കാൻ ഈ കളരികൾക്ക് കഴിയും. കേന്ദ്രസാഹിത്യഅക്കാദമിയുടെ വരെ ശ്രദ്ധയിൽപെടാൻ കഴിഞ്ഞ ആര്യാംബികയെപ്പോലൊരു കവയിത്രിയെ സൃഷ്ടിക്കാൻ ഈ കളരിപരിശീലനം സഹായിക്കുമെന്നത് നമ്മുടെ അനുഭവമാണല്ലോ.

ചിട്ടപ്പെടുത്തൽ എന്ന് പറഞ്ഞ പ്രക്രിയയിതാണ്. ഇക്കാര്യങ്ങൾ തന്റെ ശിഷ്യർക്കു പറഞ്ഞുകൊടുക്കുക മാത്രമല്ല, മലയാളികളെല്ലാവരും അറിയത്തക്കരീതിയിൽ വ്യവസ്ഥപ്പെടുത്തി ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു അദ്ദേഹം. അക്ഷരശ്ലോകപാഠാവലി ആയിരുന്നു ആദ്യത്തേത്. അക്ഷരശ്ലോകമെന്നാലെന്ത്, അതിന്റെ സമയവ്യവസ്ഥ എങ്ങനെ, വർജ്യാക്ഷരങ്ങൾ ഏതെല്ലാം, ഒഴിവാക്കേണ്ട വൃത്തങ്ങൾ ഏതെല്ലാം, ശ്ലോകം തെരഞ്ഞെടുക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം, ശ്ലോകാവതരണരീതിയെന്ത് തുടങ്ങിയ കാര്യങ്ങളെല്ലാം ഒരു നിയമാവലിയിലെന്നപോലെ ഈ ഗ്രന്ഥത്തിൽ അദ്ദേഹം ഉറപ്പിച്ച് പറഞ്ഞിരിക്കുന്നു. അഭിനയത്തിന് ആട്ടപ്രകാരം പോലെ ആലാപനത്തിനുള്ള അടിസ്ഥാനരേഖയായി ഇതുമാറുന്നു. അക്ഷരശ്ലോകത്തിന് പഴമയേറുന്നതുകൊണ്ട് മുതിർന്നവർക്ക് നിയമങ്ങളറിയാമെന്ന് വെയ്ക്കുക. കാവ്യകേളി അങ്ങനെയല്ല. താര

തമ്യേന നവാഗതയാണ്, ചിട്ടകൾ ആർക്കും അറിയില്ല. കാവ്യകേളി എന്ന രണ്ടാമത്തെ ഗ്രന്ഥ ത്തിൽ അദ്ദേഹം ഇതിനുവേണ്ടി നിയമങ്ങൾ കൃത്യമായി നിർവചിച്ചു.

ഇതോടെ ഈ രണ്ട് കലാരൂപങ്ങളുടെയും അവതരണത്തിന് ഏകീകൃതമായ ഒരു രൂപമുണ്ടായി. പഠിക്കുന്ന കുട്ടികൾക്ക് മാത്രമല്ല, പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും വിധികർത്താക്കൾക്ക് പോലും സഹായകമായി കലയിലെ ഈ ഏകീകരണം. ഇത്തരം ചിട്ട കൈവന്നതുകൊണ്ട് അക്ഷരശ്ലോക ത്തിന്റെയും കാവ്യകേളിയുടെയും അവതരണത്തിന്റെ സൗന്ദര്യമേറി; അത്രയ്ക്ക് തന്നെ ആസ്വാ ദനവും വർദ്ധിച്ചു.

ആലാപനത്തിന്റെ മാത്രം പ്രശ്നമല്ല ഇത്. പുതിയ ഒരു കാവ്യസംസ്കാരം രൂപപ്പെടുത്തുന്ന തിന്റെ പ്രക്രിയകൂടി ഇതിലുണ്ട്. അത്തരമൊന്നിന്റെ സൃഷ്ടിക്കായി തന്റെ ജീവിതം സമർപ്പിച്ചു എന്നതാണ് ശ്രീ വിശ്വനാഥൻനായരെ ചരിത്രത്തിൽ അവിസ്മരണീയനാക്കുന്നത്. അദ്ധ്യാപക നായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തെ സംബന്ധിച്ച് ദീർഘകാലാനുഭവംകൊണ്ട് രൂപപ്പെടു ത്തിയ വീക്ഷണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഭാഷയും മാനവികവിഷയങ്ങളുമൊക്കെ ചോർത്തിക്കളഞ്ഞ് സാങ്കേതികവിദഗ്ധരെ സൃഷ്ടിക്കാനുള്ള യന്ത്രങ്ങളായി ക്ലാസ്മുറികൾ മാറുന്ന കാലഘട്ടത്തിൽ ഒരിറ്റ് വെളിച്ചം നൽകാൻ കവിതയ്ക്കേ കഴിയുകയുള്ളൂ എന്നദ്ദേഹത്തിന് തോന്നി യിരിക്കാം. സംഗീതസാഹിത്യകലാവിഹീനൻ മൃഗത്തിനൊട്ടും മേലെയല്ലെന്ന മഹദ്വചനവും അദ്ദേ ഹത്തെ പ്രേരിപ്പിച്ചിരിക്കാം.

---

കെ.ജി. പൗലോസ്, മനുസ്മൃതി, താമരക്കുളങ്ങര, തൃപ്പൂണിത്തുറ – 682 301, ഫോൺ: 9846041205,
E-mail: kgpaulose@gmail.com, www.kgpaulose@info.com.